അമ്പലപ്പുഴ താലൂക്കുകളിൽ 1967 ലും 1971-72 ലും, 1972-73-ലെ പുഞ്ചകൃഷിക്കും ചില വ്യവസ്ഥകൾക്കു വിധേയമായി ലെവി സംഭരണം സഹകരണസംഘങ്ങളെയും ബാങ്കുകളെയും ഏൽപ്പിച്ചിരുന്നു.

(സി) ഏൽപ്പിച്ചിരുന്നു.

(ഡി) 1974 വിരിപ്പ് ലെവിക്കു സംഭരിച്ച 1141.57.400 കിൻറൽ നെല്ലിൽ 875.15.064 കിൻറൽ നെല്ല് സർക്കാരിനെ ഏൽപ്പിക്കാതിരുന്നിട്ടുണ്ട്.

(ഇ) ഈ സൊസൈറ്റി സർക്കാരുമായി ഉണ്ടാക്കിയ കരാറിൻ പ്രകാരം 875.15.064 കിൻറൽ നെല്ലിൻറെ വിലയായി ഗവൺമെൻറിന് നൽകേണ്ടത് 1,63,915.71 ക.യാണ്.

പാലക്കാട് വെയർ ഹൗസിൻറെ പണി

1381 [2240] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പണിയുന്ന വെയർ ഹൗസിൻറെ പണിക്ക് എന്ത് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിനകം എത്ര സംഖ്യ ഇതിന് ചെലവായെന്ന് വ്യക്തമാക്കുമോ;

(സി) പണി എന്നേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) എത്ര ചരക്ക് ഇതിൽ സ്റ്റോർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 12 ലക്ഷം രൂപ.

(ബി) 4 ലക്ഷം രൂപ.

(സി) 1979 ജൂലായിൽ.

(ഡി) 6800 ടൺ.

ഷൊർണ്ണൂർ–നിലമ്പൂർ റെയിൽവേ

1382 [2241] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ–നിലമ്പൂർ റെയിൽവേ ലാഭകരമല്ലാത്തതിനാൽ നിറുത്തലാക്കാൻ പോകുന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ലൈനിൽ തീവണ്ടികളും നിത്യേനയും സമയത്തിനും ഓടാത്തതുമൂലമാണ് ജനങ്ങൾക്ക് തീവണ്ടി യാത്രയിൽ താൽപ്പര്യം കുറഞ്ഞതെന്നുള്ളതിനാൽ വണ്ടികളും കൃത്യനിഷ്ഠം പാലിക്കുന്നതിനും പിന്നോക്കപ്രദേശങ്ങളിലെ റെയിൽവേ ലാഭകരമല്ലെങ്കിലും ലൈൻ നിലനിറുത്തണമെന്നുള്ള കേന്ദ്രനിയമത്തിൻറെ പേരിലും ഈ റെയിൽവേ നിലനിറുത്താൻ വേണ്ട നടപടികളും ഗവൺമെൻറ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly